# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3675 11.12.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

### സർവ്വകലാശാലകളുടെ അക്കാദമിക നിലവാരം

*ചോദ്യം*
ശ്രീ.കെ.ജെ. മാക്സി

*ഉത്തരം*
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനും അക്കാദമിക രംഗത്തെ പുരോഗതിയ്ക്കുമായി ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി റൂസ ധനസഹായത്തോടെ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയായിവരുന്നു. ഇതിൽ സയൻസ് വകുപ്പുകളിൽ ആധുനിക ലബോറട്ടറി ഉപകരണങ്ങൾ സ്ഥാപിക്കുക, എല്ലാ വകുപ്പുകളിലും ലൈബ്രറി പുസ്തകങ്ങൾ വാങ്ങുക, സൗജന്യ വൈഫൈ ആധുനിക ഇ-ക്ലാസ് മുറികൾ എന്നിങ്ങനെയുള്ള പദ്ധതികൾ ഉൾപ്പെടുന്നു. കൂടാതെ MOOC Course നടപ്പിലാക്കുകയും, Institution Innovation Council രൂപീകരിക്കുകയും, Research Council പുനക്രമീകരിക്കുകയും, Internal Quality Assurance Cell ആഭിമുഖ്യത്തിൽ Performance-Audit നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. Examination Reform ശില്പശാല നടത്തുകയും സർവ്വകലാശാലകളുടെ നിലവാരം<br><br>ഉയർത്തുന്നതിനായി സിലബസ് പരിഷ്കരണം, ഇന്റർഫേസ് പ്രോഗ്രാമുകൾ, ക്യാമ്പസ് റിക്രൂട്ട്മെന്റ് മുതലായവയും നടത്തിവരുന്നു. ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി വലിയ തോതിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. വിവിധ സെന്ററുകളുടെ കീഴിൽ സെമിനാറുകൾ, ട്രെയിനിംഗ് പ്രോഗ്രാമുകൾ എന്നിവയും നടത്താറുണ്ട്. കൂടാതെ NAAC |

| | | | |
|---|---|---|---|
| | | | അംഗീകാരമില്ലാത്ത കോളേജുകളിൽ നാക് അക്രഡിറ്റേഷനു വേണ്ടിയുള്ള അക്കാദമിക പ്രവർത്തനങ്ങളും നടന്നുവരുന്നു. സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനം, നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം, അക്കാദമിക മികവ്, ഭരണപരമായ ആധുനികവൽക്കരണം, ഗവേഷണരംഗത്തെ നേട്ടങ്ങൾ, എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി ഏതെല്ലാം മേഖലകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായിട്ടുള്ള സർവ്വകലാശാലകളിൽ വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തിവരുന്നു. വർദ്ധിച്ച തൊഴിലവസരം പരിഗണിച്ച് പുതുതായി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ബിരുദം തുടങ്ങുവാനും തൊഴിൽ നൈപുണ്യത്തിന് ഊന്നൽ നൽകികൊണ്ട് പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിലധിഷ്ഠിത ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ എന്നീ കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | സർവ്വകലാശാലകൾ പുതിയ കോഴ്സുകൾ തുടങ്ങുന്നതുവഴി എത്രപേർക്ക് തൊഴിലവസരങ്ങൾ നൽകാൻ കഴിയും എന്ന് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ